LIBRARY ARCHIVES Kerala Legislative Assembly

നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ്

104 (4829) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ നെല്ലിമൂട് ജംഗ്ഷനിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനു 2020-ൽ നെയ്യാറ്റിൻകര എം.എൽ.എ. ഡി.ജി.പി.-ക്ക് നൽകിയ നിവേദനത്തിന്മേൽ എന്ത് നടപടിയെടുത്തെന്ന് വ്യക്തമാക്കാമോ;

&

(ബി) എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ട നടപടിയെടുക്കാൻ നെയ്യാറ്റിൻകര ഡി.വൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എയ്ഡ് പോസ്റ്റ് എപ്പോൾ സ്ഥാപിക്കുമെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ പരിധിയിൽ വരുന്ന നെല്ലിമൂട് ജംഗ്ഷനിൽ ഒരു പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ. സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചിരുന്നു. ഇതിനായി അധിക തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലെന്നും നിലവിലുള്ള അംഗബലം ഉപയോഗിച്ച് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്ലോഗ്

105 (4830) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ നോൺ-ഐ.പി.എസ്. തസ്തികകളിൽ ആകെ എത്ര ഉദ്യോഗസ്ഥരുണ്ട്; പ്രസ്തുത വിഭാഗത്തിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട എത്ര ഉദ്യോഗസ്ഥരുണ്ടെന്നും ഇതിൽ സംവരണത്തിലൂടെ നിയമിതരായ ഉദ്യോഗസ്ഥരുടെ എണ്ണം എത്രയെന്നും അറിയിക്കാമോ;

(ബി) കേരള പോലീസിൽ മുസ്ലിം സമുദായത്തിലും മറ്റുപിന്നാക്ക വിഭാഗങ്ങളിലുംപെട്ട ഉദ്യോഗാർത്ഥികളുടെ ബാക്ക്ലോഗ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം നൽകുമോ;

&